S001 | CO

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ.ബഡ്.3/005330/2011.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി : 07/03/2026.

സർക്കുലർ മെമ്മോറാണ്ടം

വിഷയം : എസ്.ബി.ഐ. കോർപ്പറേറ്റ് സാലറി പാക്കേജ് - ജീവനക്കാർക്കുള്ള പ്രത്യേക ഹെൽത്ത് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന : സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സമർപ്പിച്ച ഹെൽത്ത് ഇൻഷുറൻസ് പ്ലാൻ പ്രൊപ്പോസൽ

നിലവിൽ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും, കെ.എസ്.ആർ.ടി.സി.യുമായി കോർപ്പറേറ്റ് സാലറി പാക്കേജ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാർ പ്രകാരം നിശ്ചിത തുക ഒടുക്കുന്ന ജീവനക്കാർക്ക് 2 ലക്ഷം രൂപയ്ക്ക് മുകളിൽ 15 ലക്ഷം രൂപ വരെയും, 3 ലക്ഷം രൂപയ്ക്ക് മുകളിൽ 30 ലക്ഷം വരെയുള്ള ടോപ്പ് അപ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ജീവനക്കാർക്ക് വളരെ കുറഞ്ഞ ചെലവിൽ ഒരു അടിസ്ഥാന ഹെൽത്ത് ഇൻഷുറൻസ് പോളിസി ലഭ്യമാക്കണമെന്ന കോർപ്പറേഷന്റെ നിരന്തര ആവശ്യം പരിഗണിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എസ്.ബി.ഐ. ജനറലുമായി ചേർന്ന് കോർപ്പറേറ്റ് സാലറി പാക്കേജിൽ ഉൾപ്പെട്ട ജീവനക്കാർക്ക് കുറഞ്ഞ നിരക്കിൽ അടിസ്ഥാന പോളിസിയും, ടോപ്പ്-അപ്പും ഉൾപ്പെടെയുള്ള ഒരു ഹെൽത്ത് ഇൻഷുറൻസ് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

സഫയർ ക്ലാസിക് എന്ന അടിസ്ഥാന പോളിസിയിൽ ജീവനക്കാരന് കുറഞ്ഞ നിരക്കിൽ 2 ലക്ഷം, 3 ലക്ഷം, 5 ലക്ഷം രൂപ വരെയുള്ള കവറേജ് ലഭിക്കുന്നു. ഇതിനുപുറമെ സഫയർ സൂപ്പർ ടോപ്പ് അപ് എന്ന ടോപ്പ് അപ് ഹെൽത്ത് ഇൻഷുറൻസ്

പ്ലാനിൽ 2 ലക്ഷം രൂപയ്ക്ക് മുകളിൽ 50 ലക്ഷം വരെയുള്ള ഇൻഷുറൻസ് കവറേജ് ലഭിക്കുന്നു. സാലറി പാക്കേജിൽ ഉൾപ്പെട്ട 63 വയസ്സ് വരെയുള്ള ജീവനക്കാർക്ക് പ്രസ്തുത സ്കീമിൽ പങ്കാളികളാകാം. ജീവനക്കാരൻ / ജീവനക്കാരി, ഭാര്യ / ഭർത്താവ്, 91 ദിവസം മുതൽ 25 വരെയുള്ള 2 കുട്ടികൾ എന്നിങ്ങനെ പരമാവധി 4 അംഗങ്ങൾക്ക് പ്രസ്തുത സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. അംഗങ്ങളുടെ എണ്ണം കുറയുന്നതനുസരിച്ച് പോളിസി തുകയിലും കുറവുണ്ടാകുന്നതാണ്. ഓരോ വർഷവും നിശ്ചിത തുക ഒടുക്കി ജീവനക്കാരന് പോളിസി പുതുക്കാവുന്നതാണ്. 63 വയസ്സ് കഴിയുന്ന ജീവനക്കാർക്ക് ആരോഗ്യ ഇൻഷുറൻസ് റിന്യൂവൽ തുകയിൽ വർദ്ധനവുണ്ടാകും.

Pre-existing decease, specific illness / decease ഉള്ളവർക്ക് 24 മാസങ്ങൾക്ക് ശേഷമേ പ്രസ്തുത പോളിസിയുടെ ആനുകൂല്യം ലഭ്യമാകുകയുള്ളൂ. ഹെൽത്ത് ഇൻഷുറൻസ് സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

സഫയർ ക്ലാസിക് (അടിസ്ഥാന പോളിസി)

Family	ജീവനക്കാരൻ / ജീവനക്കാരി ഒടുക്കേണ്ട തുക		
	2 ലക്ഷം	3 ലക്ഷം	5 ലക്ഷം
2A + 2 C	₹ 4,507	₹ 4,899	₹ 5,977
2A + 1 C	₹ 3,697	₹ 4,018	₹ 4,902
2 Adults	₹ 3,193	₹ 3,471	₹ 4,235
1 Adult	₹ 1,983	₹ 2,155	₹ 2,629
1A + 1 C	₹ 2,221	₹ 2,414	₹ 2,945
1A + 2 C	₹ 2,487	₹ 2,703	₹ 3,298

സഫയർ സൂപ്പർ ടോപ് അപ് (ടോപ് അപ് പോളിസി)

Family	ജീവനക്കാരൻ / ജീവനക്കാരി ഒടുക്കേണ്ട തുക			
	2 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ	2 ലക്ഷത്തിന് മുകളിൽ 15 ലക്ഷം വരെ	3 ലക്ഷത്തിന് മുകളിൽ 30 ലക്ഷം വരെ	5 ലക്ഷത്തിന് മുകളിൽ 50 ലക്ഷം വരെ
2A + 2 C	₹ 1,869	₹ 1,988	₹ 2,020	₹ 2,929
2A + 1 C	₹ 1,727	₹ 1,837	₹ 1,881	₹ 2,728

Family	ജീവനക്കാരൻ / ജീവനക്കാരി ഒടുക്കേണ്ട തുക			
	2 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ	2 ലക്ഷത്തിന് മുകളിൽ 15 ലക്ഷം വരെ	3 ലക്ഷത്തിന് മുകളിൽ 30 ലക്ഷം വരെ	5 ലക്ഷത്തിന് മുകളിൽ 50 ലക്ഷം വരെ
2 Adults	₹ 1,653	₹ 1,758	₹ 1,796	₹ 2,604
1 Adult	₹ 1,521	₹ 1,618	₹ 1,649	₹ 2,391
1A + 1 C	₹ 1,703	₹ 1,812	₹ 1,847	₹ 2,678
1A + 2 C	₹ 1,806	₹ 1,921	₹ 1,958	₹ 2,839

അതായത് 4 അംഗങ്ങൾക്ക് ₹ 8,906 രൂപ ഒടുക്കുന്ന ഒരു ജീവനക്കാരന് 50 ലക്ഷം രൂപ വരെ ആരോഗ്യ ഇൻഷുറൻസ് കവറേജ് ലഭ്യമാകുന്നു. ഹെൽത്ത് ഇൻഷുറൻസ് പോളിസി സംബന്ധിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ലഭ്യമാക്കിയ ബ്രൌഷർ ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. കൂടാതെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അധികൃതൽ യൂണിറ്റുകൾ സന്ദർശിച്ച് ജീവനക്കാരുടെ സംശയനിവാരണം നടത്തുന്നതാണ്. പ്രസ്തുത ഹെൽത്ത് ഇൻഷുറൻസ് പോളിസിയിൽ അംഗങ്ങളാകാൻ താൽപ്പര്യമുള്ള ജീവനക്കാർ ചുവടെ ചേർത്തിരിക്കുന്ന ലിങ്കിൽ പ്രവേശിച്ച് നടപടികൾ പൂർത്തീകരിച്ച് ഇൻഷുറൻസിൽ അംഗങ്ങളാകാവുന്നതാണ്.

https://www.sbigeneral.in/online-insurance/health-base-insurance

ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ്
അക്കൗണ്ട്സ് ഓഫീസർ

സ്വീകർത്താവ്

1) എല്ലാ യൂണിറ്റ് ആഫീസർമാർക്കും
2) എല്ലാ വർക്ക്ഷോപ്പ് മേധാവികൾക്കും

} ജീവനക്കാരുടെ ശ്രദ്ധയിൽ വരത്തക്കവിധം ടി സർക്കുലർ മെമ്മോറാണ്ടം നോട്ടീസിൽ പ്രദർശിപ്പിക്കേണ്ടതും, ജീവനക്കാർക്ക് ബോധവൽക്കരണം നടത്തേണ്ടതുമാണ്.

3) ചീഫ് ആഫീസിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷൻ മേധാവികൾക്കും

ഷb/07.03.